# CAREER Updates
# പത്രവൃത്താന്തം

18.08.2024 (ഞായർ)



⇨ ഇന്ത്യയിലെ ആദ്യത്തെ ലിഥിയം ഖനികൾ നിലവിൽ വരുന്ന സംസ്ഥാനം

✔ ഛത്തീസ്ഗഢ്

- ഛത്തീസ്ഗഢിലെ കട്ഘോരയിലാണ് ഇന്ത്യയിലെ ആദ്യത്തെ ലിഥിയം ഖനികൾ പ്രവർത്തന സജ്ജമാകുക. ജിയോളജിക്കൽ സർവ്വേയുടെ സാമ്പിൾ പഠനത്തിലും പരിശോധനയിലും ഗണ്യമായ ലിഥിയം ശേഖരം ലഭിച്ചതോടെയാണ് ഈ പ്രദേശത്ത് ഖനികളുടെ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചത്.
- നാഷണൽ മിനറൽ എക്സ്പ്ലൊറേഷൻ ട്രസ്റ്റിന്റെ ആറാമത് ഭരണസമിതി യോഗത്തിലാണ് ഛത്തീസ്ഗഢിൽ ലിഥിയം ഖനി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനമുണ്ടായത്.

⇨ കേരളത്തിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര നഗരമായി പ്രഖ്യാപിക്കപ്പെട്ടത്

✔ മൂവാറ്റുപുഴ

⇨ 2024 ആഗസ്റ്റിൽ ഇന്ത്യയിൽ നിന്നും റംസാർ സൈറ്റിൽ ഉൾപ്പെട്ട തണ്ണീർത്തടങ്ങൾ

✔ നഞ്ചരായൻ പക്ഷിസങ്കേതം (തമിഴ്നാട്), കഴുവേലി പക്ഷി സങ്കേതം (തമിഴ്നാട്), തവ റിസർവോയർ (മധ്യപ്രദേശ്)

- നിലവിൽ (2024 ആഗസ്റ്റിലെ കണക്കുകൾ പ്രകാരം) ഇന്ത്യയിലെ റംസാർ സൈറ്റുകളുടെ എണ്ണം 85 ആണ്.

⇨ മാതൃഭാഷയെ കെടാവിളക്കായി കാത്തുസൂക്ഷിക്കണമെന്ന ആഹ്വാനത്തോടെ അന്താരാഷ്ട്ര പുസ്തകോത്സവ സമിതി നടപ്പിലാക്കിയ പുതിയ പദ്ധതി

✔ ഓരോ വീട്ടിലും മലയാളം

⇨ മിസ് യൂണിവേഴ്സ് കേരള, 2024 ആയി തിരഞ്ഞെടുക്കപ്പെട്ട ആലപ്പുഴ സ്വദേശിനി

✔ അക്സ വർഗ്ഗീസ്

CAREER GUIDANCE BUREAU

⇨ 2024 ആഗസ്റ്റിൽ ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ച ആരോഗ്യ അടിയന്തരാവസ്ഥയ്ക്ക് കാരണമായ രോഗം

✔ മങ്കിപോക്സ്

⇨ ഭരണവിരുദ്ധ വികാരം ശക്തമായ പശ്ചാത്തലത്തിൽ ഇനിയൊരു തിരഞ്ഞെടുപ്പിനെ നേരിടില്ല എന്ന് 2024 ആഗസ്റ്റിൽ പ്രഖ്യാപിച്ച ജാപ്പനീസ് പ്രധാനമന്ത്രി

✔ ഫ്യൂമിയോ കിഷിദോ

⇨ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ തലവനായി 2024 ആഗസ്റ്റിൽ നിയമിതനായത്

✔ വിക്രംദേവ് ദത്ത്

⇨ ഇന്ത്യൻ ഹോക്കി താരം പി.ആർ. ശ്രീജേഷിനോടുള്ള ആദരസൂചകമായി പിൻവലിച്ച ജഴ്സി നമ്പർ

✔ 16

⇨ 2024 ആഗസ്റ്റിൽ രാജിവച്ച ഇറാന്റെ വൈസ് പ്രസിഡന്റ്

✔ ജവാദ് സരീഫ്

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999